**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 521 | 01.12.2015-ലെ മറുപടിയ്ക്ക്

## സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പിന് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി 2014-15 ലെ സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) 2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ ആസ്ഥാനമന്ദിര നിർമ്മാണത്തിനുള്ള ധനസഹായമായി 3 കോടി രൂപ ഗ്രാന്റായി 2425-00-001-87(p/v) എന്ന ശീർഷകത്തിൽ സർക്കാർ അനുവദിക്കുകയും, ആയതിനുള്ള ഭരണാനുമതിയും, തുക പിൻവലിച്ച് വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തി കൊണ്ട് 30.3.15 ലെ G.O(Rt) No. 204/2015/Co-op പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത സർക്കാർ ധനസഹായം ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് സഹകരണ സംഘം രജിസ്ട്രാർ 31.3.2015 ന് അനുവദിച്ച് നൽകുകയുണ്ടായി. ഇപ്രകാരം 2014-15 വാർഷിക പദ്ധതി പ്രകാരം അനുവദിച്ച 3 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ